**കേരള സർക്കാർ**

**ഊർജ്ജ (എ) വകുപ്പ്**

---

**<u>വിജ്ഞാപനം</u>**

നം.എ1/38/2020/ഊ.വ തീയതി, തിരുവനന്തപുരം, 24/02/2021.

**വിഷയം:- അപ്പലേറ്റ് അതോറിറ്റിയുടെ നിയമനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നത് - സംബന്ധിച്ച്**

ഇലക്ട്രിസിറ്റി ആക്ട് സെക്ഷൻ 176(2)(u) പ്രകാരം(36 of 2003), കേന്ദ്രസർക്കാരിലെ ഊർജ്ജമന്ത്രാലയം 16-04-2004 ൽ വിജ്ഞാപനം ചെയ്തിട്ടുള്ള അപ്പീൽ റ്റു അപ്പലേറ്റ് അതോറിറ്റി റൂൾ 2004 - ലെ ചട്ടം 3 അനുസരിച്ച് അപ്പലേറ്റ് അതോറിറ്റിയായി ഒരംഗത്തെ നിയമിക്കുന്നതിന് യോഗ്യരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

2003 ലെ ഇലക്ട്രിസിറ്റി ആക്ടിലെ 127-ാം വകുപ്പ് പ്രകാരം അപ്പീൽ സമർപ്പിക്കുന്നതിലേക്കായി, ഒന്നോ അതിലധികമോ അംഗങ്ങളുള്ള ഒരു അപ്പലേറ്റ് അതോറിറ്റി രൂപീകരിച്ചു കൊണ്ട് ഔദ്യോഗിക ഗസറ്റിലൂടെ വിജ്ഞാപനം നടത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ 2004-ലെ അപ്പീൽ ടു അപ്പലേറ്റ് അതോറിറ്റി ചട്ടത്തിലെ ചട്ടം 3 സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തുന്നു. വൈദ്യുതി ചാർജ്ജ് നിർണ്ണയിക്കുന്നത് സംബന്ധിച്ച കാര്യങ്ങളിൽ മതിയായ അറിവുള്ളതും, പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തന ഭൂപരിധിക്കുള്ളിലെ വൈദ്യുത ലൈസൻസികളുമായോ, വൈദ്യുതി സപ്ലൈ സ്ഥാപനവുമായോ നേരിട്ട് ബന്ധമുണ്ടാകാൻ പാടില്ലാത്തതുമായ ഒരാളായിരിക്കണം അപ്പലേറ്റ് അതോറിറ്റിയിലെ ഒരംഗം എന്നും മേൽപ്പറഞ്ഞ ചട്ടം അനുശാസിക്കുന്നു.

അപ്പലേറ്റ് അതോറിറ്റിയുടെ കാലാവധി, നിയമന ഉത്തരവിന്റെ തീയതി മുതൽ 3 വർഷത്തേക്കായിരിക്കും. അപ്പലേറ്റ് അതോറിറ്റിയായി പ്രവർത്തിക്കുമ്പോൾ 65 വയസ്സ് കവിയാൻ പാടില്ല. സേവന-വേതന വ്യവസ്ഥകൾ യഥാകാലം സർക്കാർ തീരുമാനിക്കുന്നതായിരിക്കും.

**അപേക്ഷിക്കേണ്ട വിധം:**

'അപ്പലേറ്റ് അതോറിറ്റി നിയമനത്തിനുള്ള അപേക്ഷ' എന്ന തലക്കെട്ടോടു കൂടി ബയോഡാറ്റയും മേൽപ്പറഞ്ഞ യോഗ്യതയും പ്രവൃത്തി പരിചയവും സംബന്ധിച്ച വിശദാംശങ്ങളും അടങ്ങുന്ന നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കിയ അപേക്ഷ താഴെപ്പറയുന്ന വിലാസത്തിൽ **കൈപ്പറ്റ് രസീത് സഹിതം രജിസ്റ്റേർഡ്** തപാലിൽ അയയ്ക്കേണ്ടതാണ്.

"ഗവൺമെന്റ് സെക്രട്ടറി

ഊർജ്ജ(എ) വകുപ്പ്

ഗവൺമെന്റ് സെക്രട്ടേറിയറ്റ്,

തിരുവനന്തപുരം - 695 001"

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 24/03/2021 വൈകുന്നേരം 5.00 മണി വരെ ആയിരിക്കും.

കേന്ദ്ര/സംസ്ഥാന സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വതന്ത്ര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർ ഉചിത മാർഗ്ഗേണ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. അതോറിറ്റിയുടെ പ്രവർത്തന ഭൂപരിധിക്കുള്ളിലുള്ള വൈദ്യുതി ലൈസൻസികളുടെയോ വൈദ്യുതി സപ്ലൈസ്ഥാപനങ്ങളുടെയോ പ്രവർത്തങ്ങളിൽ നേരിട്ട് ബന്ധമുള്ള/ജോലി ചെയ്യുന്ന അപേക്ഷകർ നിയമനം ലഭിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനം/ജോലി ഉപേക്ഷിക്കുന്നതാണെന്ന സത്യവാങ്മൂലവും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ രീതിയിലല്ലാതെ അയയ്ക്കുന്ന അപേക്ഷകളും, വൈകി ലഭിക്കുന്ന അപേക്ഷകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അപേക്ഷകൾ സംബന്ധിച്ച അന്വേഷണങ്ങളൊന്നും പരിഗണിക്കുന്നതല്ല. ഇക്കാര്യത്തിനായി സർക്കാർ നിയോഗിച്ചിട്ടുള്ള സെർച്ച് കമ്മിറ്റി ശിപാർശ ചെയ്തു സമർപ്പിക്കുന്ന പാനൽ/സെലക്ട് ലിസ്റ്റിൽ നിന്ന് ഗവൺമെന്റ് നിയമാനുസൃതമായി നിയമനം നടത്തുന്നതാണ്.

വിജ്ഞാപനവും മറ്റ് വിവരങ്ങളും www.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

26.2.21

**സൗരഭ് ജെയിൻ ഐ എ എസ്**

സെക്രട്ടറി (ഊർജ്ജ വകുപ്പ്)